**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2035** **21-06-2024 - ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡ് ജീവനക്കാരുടെ നിലവിലെ ശമ്പളം, ജീവിത ചെലവുകൾ നടത്തി മുന്നോട്ടു പോകാൻ പര്യാപ്തമല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സെക്രട്ടേറിയേറ്റ് ഓഫീസ് അറ്റൻഡന്റിനും എൽ.ജി.എസ്. നും ഒരേ ശമ്പളസ്കെയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റിനും പൊതുവിഭാഗത്തിലെ ഓഫീസ് അറ്റൻഡന്റിനും ഒരേ ശമ്പളസ്കെയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ ശമ്പളസ്കെയിൽ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ ശമ്പള സ്കെയിൽ പരിഷ്കരിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | ഗവ. സെക്രട്ടേറിയേറ്റിൽ ഓഫീസ് അറ്റൻഡർ ജീവനക്കാരുടെ വിദ്യാഭ്യാസയോഗ്യത ഉയർത്തി സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തിയത് മൂലം അവർക്ക് എന്തെങ്കിലും പുതിയ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടോയെന്നും ഏതെങ്കിലും ആനുകൂല്യങ്ങൾ നഷ്ടമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഡി) | പുതിയ ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ല. സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുകയും ടി തസ്തികയെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ നിന്നും ഒഴിവാക്കുകയും ചെയ്തതു മൂലം സെക്രട്ടേറിയറ്റിലെ SSLC യോഗ്യതയുള്ള ഓഫീസ് അറ്റൻഡന്റ്മാർക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനമായ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്.<br><br>സീനിയോറിറ്റി, പ്രൊബേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ ബാധകമാക്കികൊണ്ട് ഒരു Saving Clause ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ